**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**<u>ഡ്യൂട്ടിയ്ക്കിടെ അക്രമത്തിന് ഇരയായ പോലീസ് ഉദ്യോഗസ്ഥർ</u>**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :142** **4/06/2018-ൽ മറുപടിക്ക്**

**ചോദ്യം** — **ശ്രീ.എം.ഉമ്മർ**

**മറുപടി** — **പിണറായി വിജയൻ (മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഡ്യൂട്ടിയ്ക്കിടെ അക്രമത്തിന് ഇരയായി സേവനം തുടരാൻ കഴിയാതെ കിടപ്പിലായ എത്ര പോലീസ് ഉദ്യോഗസ്ഥരുണ്ട് ; | (എ) | ലഭ്യമായ വിവരം അനുസരിച്ച് കണ്ണൂർ ജില്ലയിലെ പരിയാരം പോലീസ് സ്റ്റേഷനിലെ ഗ്രേഡ് എസ്.ഐ 3898 കെ.എം. രാജൻ ഡ്യൂട്ടിക്കിടെ അക്രമത്തിനിരയായി കിടപ്പിലാണ്. |
| (ബി) | ക്രമസമാധാന പാലനത്തിനിടയിലോ മറ്റ് ഡ്യൂട്ടികൾക്കിടയിലോ ഏതെങ്കിലും തരത്തിലുള്ള അക്രമങ്ങൾക്ക് ഇരയായി ജോലി ചെയ്യാൻ കഴിയാത്ത പോലീസ് ഉദ്യോഗസ്ഥർക്ക് മതിയായ ആനുകൂല്യം നൽകുന്നതിനോ ചികിത്സാ ചെലവുകൾ വഹിക്കുന്നതിനോ നടപടി സ്വീകരിക്കാറുണ്ടോ ; | (ബി) | ക്രമസമാധാന പാലനത്തിനിടയിലോ മറ്റ് ഡ്യൂട്ടികൾക്കിടയിലോ അക്രമങ്ങൾക്കിരയാകുന്ന പക്ഷം അടിയന്തിരമായി ധനസഹായം നൽകുന്നതിനും ചികിത്സാ ചെലവ് വഹിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. |
| (സി) | ഇത്തരത്തിലുള്ള ഉദ്യോഗസ്ഥർക്ക് നിലവിൽ എന്തെല്ലാം പ്രത്യേക സഹായങ്ങളാണ് നൽകി വരുന്നത്; ഇത്തരം ഉദ്യോഗസ്ഥർക്ക് വിരമിക്കൽ ആനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | കേരളാ പോലീസ് വെൽഫയർ ബ്യൂറോ, കേരളാ പോലീസ് വെൽഫയർ ആൻഡ് അമിനിറ്റി ഫണ്ട് എന്നീ ഫണ്ടുകളിൽ നിന്നും അവർക്കർഹതപ്പെട്ട ധനസഹായം നൽകി വരുന്നു. കൂടാതെ ഇത്തരത്തിലുള്ള ഉദ്യോഗസ്ഥരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷയും പലിശ രഹിത മെഡിക്കൽ വായ്പയ്ക്കുള്ള അപേക്ഷയും അടിയന്തിര പ്രാധാന്യത്തോടെ തീർപ്പാക്കാറുണ്ട്. ഇത്തരം ഉദ്യോഗസ്ഥർക്ക് വിരമിക്കൽ ആനുകൂല്യങ്ങൾ യഥാസമയം നടപ്പാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ